# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2977 — 07/12/2018-ൽ മറുപടിയ്ക്ക്

## ഭിന്നശേഷിക്കാർക്കുള്ള തൊഴിൽ പദ്ധതികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ഹൈബി ഈഡൻ : | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) ഭിന്നശേഷിക്കാർക്ക് തൊഴിൽ നല്കുന്നതിനായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;<br><br>(ബി) ഭിന്നശേഷിക്കാർക്ക് എന്തൊക്കെ തൊഴിൽ പരിശീലനം നല്കി വരുന്നുണ്ടെന്ന് വിശദമാക്കുമോ? | (എ)ഉം (ബി)ഉം<br>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഭിന്നശേഷിക്കാർക്കായി 'കൈവല്യ' എന്ന പേരിൽ ഒരു സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതി ആവിഷ്കരിച്ച് എംപ്ലോയ്മെന്റ് വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. ഈ പദ്ധതിക്ക് വൊക്കേഷണൽ ആന്റ് കരിയർ ഗൈഡൻസ്, കപ്പാസിറ്റി ബിൽഡിംഗ്, മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിനുള്ള പരിശീലന പരിപാടി, സ്വയം തൊഴിൽ വായ്പ പദ്ധതി എന്നീ നാല് ഘടകങ്ങൾ ഉണ്ട്. വൊക്കേഷണൽ ആന്റ് കരിയർ ഗൈഡൻസ് മുഖേന ഭിന്നശേഷിക്കാരായ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് കരിയർ ഗൈഡൻസ് ക്ലാസുകൾ, മോട്ടിവേഷൻ, തൊഴിൽ സാധ്യതകളെ സംബന്ധിച്ച വിവരങ്ങൾ, അവർക്കുള്ള സേവനങ്ങളും ആനുകൂല്യങ്ങളും സംബന്ധിച്ച വിവരങ്ങൾ എന്നിവ ലഭ്യമാക്കുന്നു. മത്സര പരീക്ഷാ പരിശീലനത്തിലൂടെ സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും അറിയിക്കപ്പെടുന്ന ഒഴിവുകളിലേക്ക് അപേക്ഷ സമർപ്പിക്കുന്നത് മുതൽ ലക്ഷ്യത്തിലെത്തുന്നത് വരെ വിവിധ ഘട്ടങ്ങളിൽ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളെ സഹായിക്കുന്നതിനും മത്സരപരീക്ഷകൾക്ക് പ്രാപ്തരാക്കുന്നതിനും സഹായം നൽകി വരുന്നു. കപ്പാസിറ്റി |

ബിൽഡിങ്ങിൽ ഉദ്യോഗാർത്ഥികൾക്ക് വിവിധ സ്വയം തൊഴിൽ സംരംഭങ്ങളിൽ (കുട നിർമാണം, എൽ.ഇ.ഡി ബൾബ് നിർമാണം, മെഴുകുതിരി നിർമാണം, പേപ്പർ ബാഗ് നിർമാണം തുടങ്ങിയ) പരിശീലനം നൽകി വരുന്നു. ഉദ്യോഗാർത്ഥികൾക്ക് താല്പര്യമുള്ള മേഖലകളിൽ പ്രത്യേക പരിശീലനം ആവശ്യമുണ്ടെങ്കിൽ അത്തരം പരിശീലനം നൽകുന്ന സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് സംരംഭകത്വ വികസന പരിശീലനം നൽകുന്നു. കൂടാതെ മൃദുനൈപുണ്യ പരിശീലനവും (soft skill) നൽകുന്നതാണ്. സ്വയം തൊഴിൽ സംരംഭങ്ങൾക്കായി പലിശരഹിത വായ്പ നൽകി വരുന്നു. കേരളത്തിലെ ഏതെങ്കിലും എംപ്ലോയ് മെന്റ് എക്സ് ചേഞ്ചിൽ രജിസ് ട്രേഷൻ നിലവിലുള്ള 21നും 55 നും മദ്ധ്യേ പ്രായമുള്ള ഭിന്നശേഷിക്കാർക്ക് അപേക്ഷിക്കാം. ഒരു വ്യക്തിക്ക് പരമാവധി 50,000 (അൻപതിനായിരം) രൂപ വരെയാണ് സാധാരണഗതിയിൽ വായ്പയായി അനുവദിക്കുന്നത്. ആവശ്യപ്പെടുന്ന പക്ഷം 1 ലക്ഷം രൂപവരെ അനുവദിക്കുന്നതാണ്.

വായ്പത്തുകയുടെ 50 ശതമാനം പരമാവധി 25,000/- (ഇരുപത്തയ്യായിരം) രൂപ വരെ സബ്സിഡിയായി അനുവദിക്കുന്നതാണ്. തിരുവനന്തപുരം,കോഴിക്കോട് ജില്ലകളിൽ വി.ടി.സി.(വൊക്കേഷണൽ ട്രെയിനിങ് സെന്റേഴ്സ്) സെന്ററുകൾ വഴി ബുക്ക് ബയിന്റിങ്, ലെതർ വർക്ക്സ്, ടൈലറിംഗ് ആൻഡ് ഗാർമെൻറ് മേക്കിങ്, കമ്പ്യൂട്ടർ പരിശീലനം എന്നിവയിൽ ഭിന്നശേഷിക്കാർക്ക് തൊഴിൽ പരിശീലനം നൽകി വരുന്നു. ഇത് കൂടാതെ വിവിധ എൻ.ജി.ഒ-കൾക്ക് ഫണ്ട് നൽകിയും ഭിന്നശേഷിക്കാർക്ക് തൊഴിൽ പരിശീലനം നൽകി വരുന്നു.

സെക്ഷൻ ഓഫീസർ